# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 692** **07.01.2014- ൽ മറുപടിക്ക്**

**കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന് നിലവിൽ എത്ര തുകയുടെ സാമ്പത്തികബാദ്ധ്യത ഉണ്ട്; ആയത് ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ബാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത 2924.34 ലക്ഷം രൂപ ആകുന്നു.<br>മില്ലിന്റെ ബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:<br>1) ഗവൺമെന്റ്/മറ്റ് ലോണുകൾ ഇനത്തിൽ - 2715.46 ലക്ഷം രൂപ<br>2) പരുത്തി വാങ്ങിയ വകയിലുള്ള ബാദ്ധ്യത - 123.88 ലക്ഷം രൂപ<br>3) കെ.എസ്.ഇ.ബി വൈദ്യുതി കുടിശ്ശിക - 85.00 ലക്ഷം രൂപ<br>**ആകെ - 2924.34 ലക്ഷം രൂപ** |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും ഇതര ആവശ്യങ്ങൾക്കുമായി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | 2011-12 സാമ്പത്തികവർഷം കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് 127 ലക്ഷം രൂപയും, 2012-13 സാമ്പത്തികവർഷം 214 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 341 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2013-14 സാമ്പത്തിക വർഷം യന്ത്രസാമഗ്രികളുടെ നവീകരണത്തിനായി 436 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേയ്ക്ക് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | എൻ.സി.ഡി.സിയുടെ സഹായത്തോടെ 5739 ലക്ഷം രൂപയുടെ നവീകരണ പദ്ധതി സർക്കാരിന്റെ അനുമതിയ്ക്കായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ